കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

കറൻസി കടത്താൻ ഉപയോഗിച്ച വസ്ത്രവും ഇൻഡക്ഷൻ കുക്കറും പ്രഷർ കുക്കറും

നെടുമ്പാശേരി വിമാനത്താവളത്തിൽ

11 കോടിയുടെ വിദേശ കറൻസിയുമായി അഫ്ഗാനിസ്ഥാനി പിടിയിൽ

നെടുമ്പാശേരി: ദുബായിലേക്ക് കടത്താൻ ശ്രമിച്ച11 കോടിയോളം രൂപയുടെ വിദേശ കറൻസി കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ പിടിച്ചു. അഫ്ഗാനിസ്ഥാൻ സ്വദേശി യൂസഫ് മുഹമ്മദ്സിദ്ദിഖ്(38) കസ്റ്റംസ് എയർ ഇന്റലിജൻസ്വിഭാഗത്തിന്റെകസ്റ്റഡിയിലായി.

ഡൽഹിയിൽ നിന്ന കൊച്ചി വഴി ദുബായിലേക്ക് പോകുന്ന എയർ ഇന്ത്യ വിമാനത്തിലെ യാത്രക്കാരനായിരുന്ന യൂസഫ് മുഹമ്മദ്. ചൊവ്വാഴ്ച രാവിലെ കൊച്ചിയിലെത്തിയപ്പോൾ യന്ത്രത്തകരാർ കാരണം യാത്രക്കാരെ സമീപത്തെ ഹോട്ടലിലേക്കു മാറ്റി. ഇന്നലെ പുലർച്ചെ എമിറേറ്റ്സ് വിമാനത്തിൽദുബായിലേക്ക്പോകുന്നതിന്മുന്നോടിയായുള്ളലഗേജ് പരിശോധനയ്ക്കിടെസിയാൽസുരക്ഷാ വിഭാഗമാണ് വിദേശ കറൻസി കണ്ടെത്തിയത്.

ഷർട്ട്, ഇൻഡക്ഷൻ കുക്കർ, പ്രഷർ കുക്കർ, കാർട്ടൻ ബോക്സ് എന്നിവയിലായി 9.30 കോടിയിലേറെ രൂപയുടെ യു.എസ്ഡോളറും 1.55 കോടി രൂപയുടെ സൗദി റിയാലുമാണ് ഒളിപ്പിച്ചിരുന്നത്. ഒമ്പത് തവണ ഇയാൾ ദുബായ് - ഡൽഹിവിമാനത്താവളങ്ങൾ ഇന്ത്യയിലെത്തിയിട്ടുണ്ട്. വസ്ത്രവ്യാപാരി എന്ന് അവകാശപ്പെടുന്ന ഇയാൾക്ക് തീവ്രവാദി - ഹവാല ഇടപാടുകാരുമായിബന്ധമുണ്ടോയെന്ന്അന്വേഷിക്കുമെന്ന്കസ്റ്റംസ്ചീഫ്കമ്മിഷണർപുല്ലേലനാഗേശ്വര റാവു, കമ്മിഷണർ സുമിത് കുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ആദ്യമായാണ് കൊച്ചി വിമാനത്താവളത്തിൽ ഇത്രയധികം രൂപയുടെ വിദേശപണം പിടികൂടുന്നത്. ഇന്ത്യയിലെഅപൂർവംവിമാനത്താവളങ്ങളിൽ മാത്രമുള്ള സി.ടി.എക്സ് യന്ത്രം ഉപയോഗിച്ച് നടത്തിയ പരിശോധനയിലാണ് കറൻസികൾകണ്ടുപിടിച്ചതെന്ന് സിയാൽ സെക്യൂരിറ്റി വിഭാഗം ഉദ്യോഗസ്ഥ കരുണ പറഞ്ഞു.

യോഗേന്ദ്ര മോദി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി ക്രിക്കറ്റ്താരം വിരാട് കോഹ്ലിയുടെ ഫിറ്റ്നെസ് ചലഞ്ച് സ്വീകരിച്ചു. യോഗ ചെയ്യുന്നതിന്റെ വീഡിയോ ട്വിറ്ററിൽ പോസ്റ്റ് ചെയ്ത മോദി, കർണാടക മുഖ്യമന്ത്രി കുമാരസ്വാമി, ടേബിൾ ടെന്നിസിൽ കോമൺവെൽത്ത്മെഡൽ നേടിയ മണിക ബത്ര എന്നിവരെയും 40 വയസിന് മുകളിലുള്ളഐ.പി.എസ്ഓഫീസർമാരെയുംഫിറ്റ്നെസ് ചലഞ്ചിലേക്ക്ക്ഷണിക്കുകയുംചെയ്തു.

ഔദ്യോഗിക വസതിയായ 7 ലോക കല്യാൺ മാർഗിലെ പുൽത്തകിടിയിൽ മോദി പ്രാണായാമം ഉൾപ്പെടെയുള്ള യോഗാഭ്യാസങ്ങൾചെയ്യുന്നദൃശ്യങ്ങളാണ്വീഡിയോയിൽ.

കർണാടകത്തിൽ അധികാരം പിടിക്കാനുള്ള ബി. ജെ. പിയുടെ തന്ത്രങ്ങൾ തകർത്ത് ഭരണത്തിലേറിയ കുമാരസ്വാമിയെ മോദി ക്ഷണിച്ചത് കൗതുകമായി. ഉടൻ ട്വിറ്ററിൽ മറുപടി നൽകിയ കുമാരസ്വാമിമോദിയുടെ ക്ഷണത്തിന്നന്ദിപറഞ്ഞു. താൻഎല്ലാദിവസവുംയോഗ ചെയ്യുന്നതിന് പുറമേ ടെഡ്മില്ലിൽ നടക്കാറുണ്ട്. കായികാരോഗ്യം പ്രധാനമാണ്. എന്നാലും ഇപ്പോൾ സംസ്ഥാനത്തിന്റെ വികസനാരോഗ്യത്തിനാണ് മുൻഗണന നൽകുന്നത്. അതിന് കേന്ദ്രത്തിന്റെ പിന്തുണ വേണമെന്ന് കുമാരസ്വാമി അർത്ഥഗർഭമായി അഭ്യർത്ഥിക്കുകയും ചെയ്തു.

ജൂൺ 21 ന് അന്താരാഷ്ട്ര യോഗ ദിനം പ്രമാണിച്ച്വിവിധ ആസനങ്ങൾഉൾപ്പെടുത്തിയ ത്രീ ഡി അനിമേഷൻ വീഡിയോകൾ നേരത്തേ മോദി ട്വിറ്ററിൽ പങ്കുവച്ചിരുന്നു.

മോദി സർക്കാർ ദേശീയ, അന്തർദ്ദേശീയ വേദികളിൽ യോഗയ്ക്ക് പ്രചാരം നൽകാൻ പ്രത്യേക താത്പര്യം കാട്ടുന്നുണ്ട്. 2015ലെ ലോക യോഗ ദിനത്തിൽ ഡൽഹിയിലെ രാജ്പഥിൽ മോദി പങ്കെടുത്ത യോഗ പ്രകടനത്തിൽ 35,985 പേരാണ് അണിനിരന്നത്. ഇതൊരു ലോക റെക്കാഡാണ്.

മോദിയുടെ ട്വീറ്റ്

എന്റെ പ്രഭാത കായികാഭ്യാസങ്ങൾ ഇതാ. യോഗയ്ക്ക് പുറമേ പ്രകൃതിയിലെ പഞ്ചതത്വങ്ങളായ പൃഥ്വി, ജലം, അഗ്നി, വായു, ആകാശം എന്നിവയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ടാക്കിലൂടെ നടക്കുകയും ചെയ്യുന്നു. അത് വളരെ ഉന്മേഷദായകമാണ്. ശ്വസനക്രിയകളും പരിശീലിക്കുന്നുണ്ട്. ഹം ഫിറ്റ് ഹോ തോ ഇന്ത്യ ഫിറ്റ് ഹേ.

വിരാട് കോഹ്ലിയുടെ ഫിറ്റ്നെസ് ചലഞ്ച് സ്വീകരിച്ചുകൊണ്ടുള്ള മോദിയുടെ യോഗ

കെ. ജയകുമാറിനെ ഐ.എം.ജി ഡയറക്ടറാക്കി

തിരുവനന്തപുരം: മുൻ ചീഫ് സെക്രട്ടറിയുംമലയാളംസർവകലാശാലാ മുൻ വൈസ് ചാൻസലറുമായ കെ. ജയകുമാറിനെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ്മാനേജ്മെന്റ്ഇൻഗവൺമെന്റ് (ഐ.എം.ജി) ഡയറക്ടറായിനിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. സർക്കാർ ജീവനക്കാരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കാനാണ് ജയകുമാറിനെഡയറക്ടറായിനിയമിക്കുന്നത്.

ഏത് സർക്കാർ വന്നാലും അവർക്ക് ഇഷ്ടമില്ലാത്തവരെ നിയമിക്കുന്ന തസ്തികയാണ് ഐ.എം.ജി ഡയറക്ടറുടേത്. സർക്കാരിന്റെ നോട്ടപ്പുള്ളികളായിമാറുന്ന ഉദ്യോഗസ്ഥർ ഡയറക്ടറായി അവിടെ ചെന്നാൽ സ്ഥാപനം മെച്ചപ്പെട്ടുന്നതിലോ അതിന്റെഉദ്ദേശ്യലക്ഷ്യങ്ങൾസാധൂകരിക്കുന്നതിലോ താത്പര്യം കാട്ടാറില്ലെന്നാണ് സർക്കാരിന്റെവിലയിരുത്തൽ. ഇത് കാരണം ജീവനക്കാർക്ക്പ്രൊഫഷണൽ പരിശീലനം നൽകുന്നതിൽ ഐ.എം.ജി പരാജയമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പുതിയ തീരുമാനമെന്നാണറിയുന്നത്.

കിലയുടെ മാതൃകയിൽ മികച്ച പരിശീലന സ്ഥാപനമാക്കി ഐ.എം.ജിയെ വളർത്തുകയെന്നദൗത്യമാണ്ജയകുമാറിനുള്ളത്. ഇതിന് ആവശ്യമായ വിദഗ്ധ പരിശീലന പദ്ധതി അദ്ദേഹം തയ്യാറാക്കും. ജയകുമാറിനെ നിയമിക്കണമെന്ന നിർദ്ദേശം ഇന്നലെ മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് വച്ചത്. അത് യോഗം അംഗീകരിക്കുകയായിരുന്നു.

നിര്യാതനായി

തിരുവനന്തപുരം : പേട്ട, കവറടി സി. കെ. ആർ. എ 93 ൽ പ്രശസ്ത ചിത്രകാരനും റിട്ട. ഡെപ്യൂട്ടി ടൗൺ പ്ലാനറും സ്പെക്ടം ഗ്രാഫിക്സ്പ്രൊപ്രൈറ്ററുമായ സി. രവീന്ദ്രൻ (68) നിര്യാതനായി. ലളിതകലാഅക്കാഡമിഅവാർഡ്ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഭാര്യ: ശശികല. മക്കൾ: കവിത (ചിത്രകാരി), രചന (ചിത്രകാരി). മരുമക്കൾ: പ്രശാന്ത് (ബി.എസ്.എൻ.എൽ), വിജിത് (ഗ്രാഫിക് വിഷ്വലൈസർ). മരണാനന്തര ചടങ്ങ് ഞായറാഴ്ച രാവിലെ 8.30ന്. ഫോൺ: 9446068579.

മുത്തൂറ്റ് സമരം പിൻവലിച്ചു

തിരുവനന്തപുരം: മുത്തൂറ്റ് ഫിനാൻസിലെ വേതനഘടന പുതുക്കുന്നതു സംബന്ധിച്ച് മൂന്നു മാസത്തിനകം തീരുമാനമെടുക്കാൻ തൊഴിൽമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ധാരണയായി. അനുരഞ്ജന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽജീവനക്കാർപ്രഖ്യാപിച്ചസമരംപിൻവലിച്ചു. സ്ഥാപനത്തിലെജീവനക്കാരുടെ വേതനഘടന പരിഷ്കരണം, 2017 ലെബോണസ് കുടിശിക അടക്കം വിവിധ വിഷയങ്ങൾഉന്നയിച്ചായിരുന്നുനോൺ ബാങ്കിംഗ് ആൻഡ് പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷൻ 18 മുതൽ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചിരുന്നത്.

47-ാം ചരമവാർഷികം (14.06.2018)

എൻ. ഗൗരി

(റിട്ടയേർഡ് ഹെഡ്മിസ്ട്രസ്, ചിറയിൻകീഴ്)

ഡോക്ടർ എം. ആർ. ആനന്ദകുമാരൻ,
ഡോക്ടർ എം. ആർ. തങ്കമണി,
അഡ്വക്കേറ്റ് എം. ആർ. ആനന്ദക്കുട്ടൻ.

കേരള സർക്കാർ
സമ്മാന പെരുമഴയുമായി..
കേരള സംസ്ഥാന ഭാഗ്യക്കുറി
നാളെ
നറുക്കെടുക്കുന്നു
നിർമൽ ഭാഗ്യക്കുറി
ടിക്കറ്റ് വില ₹30
ഒന്നാം സമ്മാനം ₹50 ലക്ഷം
നറുക്കെടുപ്പ് എല്ലാ വെള്ളിയാഴ്ചയും

Vol. No. 108 Issue No. 158 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .